**പതിനഞ്ചാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

2026 ജനുവരി 21, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**ചരമോപചാരം**

കാനത്തിൽ ജമീലയുടെ നിര്യാണം

മി. സ്പീക്കർ: പതിനഞ്ചാം കേരള നിയമസഭയിൽ കൊയിലാണ്ടി നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ചിരുന്ന നിയമസഭാംഗവും സി.പി.ഐ.(എം) കോഴിക്കോട് ജില്ലാ കമ്മിറ്റി അംഗവുമായിരുന്ന കാനത്തിൽ ജമീല 2025 നവംബർ 29-ന് അന്തരിച്ചു. 1966 മേയ് 5-ന് കോഴിക്കോട് ജില്ലയിലെ കുറ്റ്യാടിയിൽ ടി. കെ ആലിയുടേയും മറിയത്തിന്റേയും മകളായി ജനിച്ച കാനത്തിൽ ജമീല ത്രിതല പഞ്ചായത്ത് സംവിധാനത്തിന്റെ മൂന്ന് തലങ്ങളിലും ഭരണമികവ് തെളിയിച്ച ശേഷമാണ് നിയമസഭാംഗമായി തിരഞ്ഞെടുക്കപ്പെട്ടത്. സ്ത്രീസ്വത്വത്തിന്റെ ഉന്നമനത്തിനും പാർശ്വവൽക്കരിക്കപ്പെട്ടവരെ മുഖ്യധാരയിലെത്തിക്കാനും ജീവിതം മാറ്റിവച്ച അവർ മതസൗഹാർദത്തിനും മാനവികതയ്ക്കും ഉയർന്ന മൂല്യം നൽകിയിരുന്നു. കുടുംബശ്രീ പ്രസ്ഥാനത്തെ കോഴിക്കോട് ജില്ലയിൽ ശക്തിപ്പെടുത്തുന്നതിൽ അവർ വഹിച്ച പങ്ക് നിസ്തുലമാണ്. കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റായിരിക്കെ വൃക്കരോഗികൾക്കായി ആവിഷ്കരിച്ച 'സ്നേഹസ്പർശം' പദ്ധതി അന്താരാഷ്ട്ര തലത്തിൽ ശ്രദ്ധ നേടിയിട്ടുണ്ട്. 'ഷി പാഡ്', 'വിജയഭേരി' 'ജീവജ്യോതി' തുടങ്ങിയവ അവരുടെ ഭരണകാലത്ത് നടപ്പാക്കിയ പദ്ധതികളിൽ ചിലതാണ്. ലാളിത്യമുള്ള പെരുമാറ്റവും കർക്കശമായ രാഷ്ട്രീയ നിലപാടുകളും ഒത്തുചേർന്ന വ്യക്തിത്വത്തിനുടമയായിരുന്ന കാനത്തിൽ ജമീല കക്ഷിരാഷ്ട്രീയ ഭേദമെന്യേ ഏവർക്കും പ്രിയങ്കരിയായിരുന്നു. മികച്ച ജില്ലാ പഞ്ചായത്ത് പ്രസിഡന്റിനുള്ള സംസ്ഥാന സർക്കാരിന്റെ അംഗീകാരമുൾപ്പെടെ നിരവധി പുരസ്കാരങ്ങൾ അവരുടെ

ഭരണമികവിനെ തേടിയെത്തിയിട്ടുണ്ട്. സാധാരണക്കാരോട് ചേർന്നുനിന്ന് അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ എപ്പോഴും ശ്രമിച്ചിരുന്ന കാനത്തിൽ ജമീലയുടെ വിയോഗത്തിലൂടെ ജനപക്ഷത്തുനിന്ന് മാതൃകാപരമായി പ്രവർത്തിച്ച ഒരു രാഷ്ട്രീയനേതാവിനെയാണ് നഷ്ടമായിരിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കേരളത്തിന്റെ പൊതുസമൂഹത്തിനാകെയും പുരോഗമന പ്രസ്ഥാനത്തിന് വിശേഷിച്ചും നികത്താനാകാത്ത നഷ്ടമാണ് കാനത്തിൽ ജമീലയുടെ വിയോഗത്തിലൂടെ ഉണ്ടായിരിക്കുന്നത്. പഞ്ചായത്ത് സ്ഥിരംസമിതി അധ്യക്ഷ, ഗ്രാമ-ബ്ലോക്ക്-ജില്ലാപഞ്ചായത്ത് പ്രസിഡന്റ് എന്നീ തലങ്ങളിൽ പ്രവർത്തിച്ചശേഷമാണ് കൊയിലാണ്ടി നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ച് 2021-ൽ അവർ കേരള നിയമസഭയിലെത്തിയത്. നിയമസഭാംഗമായിരുന്ന കാലയളവിൽ ജനജീവിതത്തിന്റെ നീറുന്ന പ്രശ്നങ്ങളെ ഗൗരവത്തോടെ സഭയിൽ അവതരിപ്പിക്കുകയും നിയമനിർമ്മാണമടക്കമുള്ള കാര്യങ്ങളിൽ ശ്രദ്ധേയമായ സംഭാവനകൾ നൽകുകയും ചെയ്തു. പ്രഗത്ഭയായ നിയമസഭാ സാമാജിക, കരുത്തുറ്റ സംഘാടക, മികച്ച വാഗ്മി തുടങ്ങി വിവിധ തലങ്ങളിൽ ശ്രദ്ധേയയായിരുന്നു കാനത്തിൽ ജമീല. ചികിത്സയിലായിരുന്നപ്പോഴും രോഗംമൂലമുള്ള ബുദ്ധിമുട്ട് അല്പംപോലും പുറത്തുകാണിക്കാതെ ആത്മവിശ്വാസത്തോടെ പൊതുകാര്യങ്ങളിൽ ഇടപെടാനും പരിഹാരം കാണാനും അവർ ശ്രദ്ധിച്ചിരുന്നു. കാനത്തിൽ ജമീലയുടെ വിയോഗത്തിൽ അഗാധമായ ദുഃഖവും അനുശോചനവും രേഖപ്പെടുത്തുന്നു.

പ്രതിപക്ഷനേതാവ് ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): കാനത്തിൽ ജമീലയുടെ വേർപാടുമായി ബന്ധപ്പെട്ട് ഇവിടെ പറഞ്ഞ കാര്യങ്ങളോട് പൂർണ്ണമായും യോജിക്കുന്നു. ത്രിതല പഞ്ചായത്ത് സംവിധാനത്തിന്റെ എല്ലാ തലങ്ങളിലും പ്രവർത്തിക്കാൻ സാധിച്ച അപൂർവം വ്യക്തികളിലൊരാളായിരുന്നു കാനത്തിൽ ജമീല. മലബാർ പ്രദേശത്തുനിന്ന്, പ്രത്യേകിച്ച് ന്യൂനപക്ഷ വിഭാഗത്തിൽനിന്ന് നിയമസഭയിലെത്തിയ വനിതാ അംഗമായിരുന്ന അവർ അങ്ങേയറ്റത്തെ ജനാധിപത്യബോധവും മതേതര നിലപാടും സഭയിൽ പ്രകടിപ്പിച്ചിരുന്നു. കാനത്തിൽ ജമീലയുടെ മരണത്തിൽ അഗാധമായ ദുഃഖം രേഖപ്പെടുത്തുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ: കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റായിരിക്കെയാണ് 2021-ൽ കാനത്തിൽ ജമീല കൊയിലാണ്ടി നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ച് നിയമസഭയിലെത്തിയത്. തലക്കുളത്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, ചേളന്നൂർ ബ്ലോക്ക്

പഞ്ചായത്ത് പ്രസിഡന്റ്, കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എന്നീ നിലകളിൽ മാതൃകാപരമായാണ് അവർ പ്രവർത്തിച്ചത്. മലബാർ മേഖലയിലെ മുസ്ലീം വിഭാഗത്തിൽനിന്ന് തിരഞ്ഞെടുക്കപ്പെട്ട് നിയമസഭയിലേക്കെത്തിയ ആദ്യ വനിതയായിരുന്നു അവർ. ത്രിതല പഞ്ചായത്ത് സംവിധാനത്തിന്റെ എല്ലാ തലങ്ങളും കടന്ന് മുന്നോട്ടുവന്ന അവർ പഞ്ചായത്ത് ഭരണരംഗത്ത് പ്രവർത്തിക്കുമ്പോൾ എല്ലാ വീടുകളിലും കുടിവെള്ളവും വൈദ്യുതിയും എത്തിക്കാൻവേണ്ടി നടത്തിയ ഇടപെടൽ ശ്രദ്ധേയമായിരുന്നു. അകാലത്തിൽ നമ്മെ വിട്ടുപിരിഞ്ഞ പ്രിയ അംഗത്തിന്റെ വേർപാടിൽ ദുഃഖം രേഖപ്പെടുത്തുന്നു.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: ബഹുമാനപ്പെട്ട സ്പീക്കർ, മുഖ്യമന്ത്രി, കക്ഷി നേതാക്കൾ എന്നിവർ പ്രകടിപ്പിച്ച വികാരങ്ങളോട് യോജിക്കുന്നു. പൊതുരംഗത്ത് ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തിവരുമ്പോഴാണ് കാനത്തിൽ ജമീല പെട്ടെന്ന് അസുഖബാധിതയായി നമ്മെ വിട്ടുപിരിഞ്ഞത്. അധികാരവികേന്ദ്രീകരണം നടപ്പിലായതിനുശേഷം എല്ലാ തലങ്ങളിലും ഒരു നല്ല ഭരണാധികാരി എന്ന നിലയിൽ മികവ് തെളിയിക്കാൻ അവർക്ക് സാധിച്ചിട്ടുണ്ട്. പൊതുപ്രവർത്തകയ്ക്ക് ഉണ്ടാകേണ്ട എല്ലാ ഗുണമേന്മയും അവരിൽ പ്രകടമായിരുന്നു. കോഴിക്കോട് ജില്ലയുടെ വികസനത്തിൽ നേതൃത്വപരമായ പങ്ക് വഹിക്കാൻ അവർക്ക് സാധിച്ചിട്ടുണ്ട്. കാനത്തിൽ ജമീലയുടെ നിര്യാണത്തിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. റോഷി അഗസ്റ്റിൻ</u>): ജനങ്ങളുമായി നേരിട്ട് സംവദിക്കാനുള്ള കഴിവും വിനയവും ദൃഢനിശ്ചയവുമുള്ള വ്യക്തിത്വത്തിന് ഉടമയുമായിരുന്നു കാനത്തിൽ ജമീല. ചെറുപ്രായത്തിൽത്തന്നെ ത്രിതല പഞ്ചായത്തുകളുടെ അധ്യക്ഷ സ്ഥാനങ്ങൾ വഹിക്കാനും മികച്ച പ്രവർത്തനം കാഴ്ചവയ്ക്കാനും അവർക്ക് സാധിച്ചിട്ടുണ്ട്. സ്ത്രീകളെ പൊതുരംഗത്തേക്കും രാഷ്ട്രീയത്തിലേക്കും കൊണ്ടുവരുന്നതിൽ അവർ വഹിച്ച പങ്ക് ശ്രദ്ധേയമാണ്. കാനത്തിൽ ജമീലയുടെ നിര്യാണത്തിൽ അഗാധമായ ദുഃഖം രേഖപ്പെടുത്തുന്നു.

<u>ശ്രീ. മോൻസ് ജോസഫ്</u>: നമ്മുടെ സഹപ്രവർത്തകയായിരുന്ന കാനത്തിൽ ജമീലയുടെ അപ്രതീക്ഷിത നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തുന്നതോടൊപ്പം ബഹുമാനപ്പെട്ട സ്പീക്കറും മുഖ്യമന്ത്രിയും വിവിധ കക്ഷിനേതാക്കളും പ്രകടിപ്പിച്ച വികാരങ്ങളോട് പൂർണ്ണമായും യോജിക്കുന്നു. സഭയിൽ ഭരണമുന്നണിയുടെ ശക്തയായ പോരാളിയായിരുന്നു കാനത്തിൽ ജമീല. പൊതുസമൂഹത്തിന് അവർ നൽകിയ വിലപ്പെട്ട സേവനങ്ങളെ ആദരവോടുകൂടി ഓർക്കുകയാണ്. അവരുടെ ആത്മാവിന് നിത്യശാന്തി

ലഭിക്കട്ടെയെന്ന് പ്രാർഥിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. മാത്യു ടി. തോമസ്: കാനത്തിൽ ജമീലയുടെ നിര്യാണത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ, മുഖ്യമന്ത്രി, മറ്റ് കക്ഷിനേതാക്കൾ എന്നിവർ പറഞ്ഞ കാര്യങ്ങളോട് ഞാനും യോജിക്കുന്നു. പതിനഞ്ചാം കേരള നിയമസഭയിൽ പുതുമുഖമായാണ് കാനത്തിൽ ജമീല കടന്നുവന്നതെങ്കിലും ത്രിതല പഞ്ചായത്തിന്റെ എല്ലാ തലങ്ങളിലും അധ്യക്ഷയായും ഭരണാധികാരിയായും പ്രവർത്തിച്ചുവന്നതിന്റെ അനുഭവസമ്പത്ത് അവർക്കുണ്ടായിരുന്നു. നിലപാടുകളിലെ കാർക്കശ്യവും വ്യക്തിപരമായ ബന്ധങ്ങളിലെ സൗമ്യഭാവവും അവരുടെ സവിശേഷതയായിരുന്നു. അകാലത്തിൽ പൊലിഞ്ഞ കാനത്തിൽ ജമീലയുടെ ഓർമ്മകൾക്ക് മുമ്പിൽ പ്രണാമം അർപ്പിക്കുന്നതോടൊപ്പം അനുശോചനവും രേഖപ്പെടുത്തുന്നു.

ശ്രീ. അനൂപ് ജേക്കബ്: ബഹുമാനപ്പെട്ട സ്പീക്കർ, മുഖ്യമന്ത്രി, വിവിധ കക്ഷിനേതാക്കൾ എന്നിവർ ഇവിടെ പ്രകടിപ്പിച്ച പൊതുഅഭിപ്രായങ്ങളോട് ഞാനും യോജിക്കുന്നു. ത്രിതല പഞ്ചായത്തിലെ അധ്യക്ഷ പദവികളിൽ പ്രവർത്തിച്ച അനുഭവസമ്പത്തുമായാണ് അവർ നിയമസഭയിലേക്ക് കടന്നുവന്നത്. സ്ത്രീകൾ അഭിമുഖീകരിക്കുന്ന ദൈനംദിന പ്രശ്നങ്ങൾ സഭാതലത്തിലും സർക്കാരിന്റെ ശ്രദ്ധയിലും കൊണ്ടുവരാൻ അവർ എപ്പോഴും ശ്രമിച്ചിരുന്നു. ജീവകാരുണ്യ പ്രവർത്തനങ്ങൾ, സാംസ്കാരിക കൂട്ടായ്മ എന്നിവയ്ക്ക് മുൻതൂക്കം നൽകിയിരുന്ന അവർ പ്രതിപക്ഷ ബഹുമാനം കാത്തുസൂക്ഷിക്കാനും അഭിപ്രായങ്ങളിൽ വ്യക്തത നിലനിർത്താനും ശ്രദ്ധിച്ചിരുന്നു. കാനത്തിൽ ജമീലയുടെ അകാല നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തുന്നു.

ശ്രീ. തോമസ് കെ. തോമസ്: കാനത്തിൽ ജമീലയുടെ വേർപാട് ദുഃഖവും പ്രയാസവും ഉളവാക്കുന്നതാണ്. അവരുടെ ഓർമ്മകൾക്ക് മുമ്പിൽ എന്റെയും കുടുംബത്തിന്റെയും നാടിന്റെയും ആദരാഞ്ജലികൾ അർപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): പൊതുപ്രവർത്തക, സാമാജിക, സഹപ്രവർത്തക എന്നതിലുപരി എന്റെ ഹൃദയത്തിൽ സ്ഥാനം നേടിയ കുലീനയായ സഹോദരിയാണ് കാനത്തിൽ ജമീല. എല്ലാവരോടും സൗമ്യമായി സംസാരിക്കുന്ന സ്നേഹനിധിയായ ഒരു വ്യക്തിത്വത്തിനുടമയെയാണ് നമുക്ക് നഷ്ടപ്പെട്ടിരിക്കുന്നത്. അവരുടെ ആത്മാവിന് നിത്യശാന്തി നേരുന്നതോടൊപ്പം കുടുംബത്തിന്റെ ദു:ഖത്തിലും ഞാനും എന്റെ പാർട്ടിയും പങ്കുചേരുന്നു.

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): ബഹുമാന്യരായ സ്പീക്കറും മുഖ്യമന്ത്രിയും രേഖപ്പെടുത്തിയ ഹൃദയവികാരങ്ങളോട് ഞാനും പങ്കുചേരുന്നു. സഭയിലെ നിത്യവസന്തമായിരുന്ന, മാനുഷികമായ ഭാവങ്ങളുടെയും സൗഹൃദങ്ങളുടെയും മതസൗഹാർദത്തിന്റെയും പ്രതീകമായി ജ്വലിച്ചുനിന്ന കാനത്തിൽ ജമീല തികച്ചും അപ്രതീക്ഷിതമായാണ് നമ്മളോട് വിട പറഞ്ഞത്. അവരുടെ പുരോഗമനാശയം, വിപ്ലവബോധം എന്നിവ സമൂഹത്തിൽ പ്രയോജനപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. നമ്മുടെ ഹൃദയത്തിൽ ജീവിക്കുന്ന കാനത്തിൽ ജമീലയുടെ പാവന സ്മരണകൾക്കുമുമ്പിൽ പ്രണാമം അർപ്പിക്കുന്നു.

ശ്രീ. അഹമ്മദ് ദേവർകോവിൽ: കാനത്തിൽ ജമീലയുടെ വിയോഗം എല്ലാവരെയും ദു:ഖത്തിലാഴ്ത്തിയെന്നത് യാഥാർഥ്യമാണ്. തലക്കുളത്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷ, ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എന്നീ പദവികൾ വഹിച്ച അവർ തിളക്കമാർന്ന പ്രവർത്തനങ്ങളാണ് കാഴ്ചവച്ചത്. 2010-ൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റായിരിക്കെ ആരംഭിച്ച 'സ്നേഹസ്പർശം' പദ്ധതി ശ്രദ്ധേയമായിരുന്നു. കാനത്തിൽ ജമീലയുടെ നിര്യാണത്തിൽ എന്റെയും എന്റെ പാർട്ടിയുടെയും അനുശോചനം രേഖപ്പെടുത്തുന്നു.

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) ആകർഷകമായ വ്യക്തിത്വത്തിനുടമയും സമസ്ത മേഖലകളിലും ഇടപെടാൻ കഴിവുമുള്ള സാമാജികയെയാണ് നമുക്ക് നഷ്ടമായിരിക്കുന്നത്. മുസ്ലീം സമുദായത്തിൽ സ്ത്രീ ശാക്തീകരണത്തിന്റെ മുഖമായിരുന്ന സഹോദരിയുടെ വേർപാടിൽ അനുശോചനം രേഖപ്പെടുത്തുന്നു.

ശ്രീ. കെ. പി. മോഹനൻ: കാനത്തിൽ ജമീലയുടെ നിര്യാണം അത്യധികം ദു:ഖകരവും അവിശ്വസനീയവുമാണ്. കോഴിക്കോട് ജില്ലയുടെ സമഗ്ര വികസനത്തിനുവേണ്ടി പ്രവർത്തിച്ച വ്യക്തിത്വമായിരുന്നു അവർ. അവരുടെ ഓർമ്മകൾക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

ശ്രീമതി കെ. കെ. രമ: സ്ത്രീപക്ഷരാഷ്ട്രീയം പ്രാവർത്തികമാക്കുന്നതിലും വ്യക്തിബന്ധങ്ങൾ കാത്തുസൂക്ഷിക്കുന്നതിലും കാനത്തിൽ ജമീല അത്യധികം താൽപര്യം കാണിച്ചിരുന്നു. മനുഷ്യപക്ഷത്തുനിന്നുകൊണ്ട് ജാതിമതഭേദമെന്യേ എല്ലാവരെയും ചേർത്തുനിർത്താൻ അവർക്ക് കഴിഞ്ഞിട്ടുണ്ട്. ത്രിതല പഞ്ചായത്ത് സംവിധാനത്തിൽ

തിരഞ്ഞെടുക്കപ്പെട്ട വേളയിലെല്ലാം  വ്യക്തിമുദ്ര പതിപ്പിക്കുന്ന നിരവധി പ്രവർത്തനങ്ങളാണ് അവർ കാഴ്ചവച്ചത്. ജില്ലാ ഭരണകൂടത്തിന് നേതൃത്വം നൽകാൻ സ്ത്രീകൾക്കും സാധിക്കുമെന്ന് അവർ തെളിയിച്ചിട്ടുണ്ട്. അവരുടെ മായാത്ത ഓർമ്മകൾക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

<u>ശ്രീ. മാണി സി. കാപ്പൻ</u>: ഇവിടെ പ്രകടിപ്പിച്ച വികാരങ്ങളോട് ഞാനും യോജിക്കുന്നു. എല്ലാ നിയമസഭാംഗങ്ങളോടും വ്യക്തിപരമായി സൗഹൃദവും സ്നേഹവും കാത്തുസൂക്ഷിച്ച വ്യക്തിത്വത്തിനുടമയായിരുന്ന കാനത്തിൽ ജമീല. അവരുടെ ഓർമ്മകൾക്കുമുമ്പിൽ ആദരാഞ്ജലികൾ  അർപ്പിക്കുന്നു.

(അന്തരിച്ച മഹത് വ്യക്തിയോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റുനിന്ന് മൗനമാചരിച്ചു.)

(സഭ രാവിലെ 9.51-ന് പിരിഞ്ഞു.)

******